**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2781 18.06.2018-ൽ മറുപടിക്ക്**

## ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ ബാച്ചുകളും അദ്ധ്യാപക തസ്തികയും

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ-എയിഡഡ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ 2014-15, 2015-16 അക്കാദമിക വർഷങ്ങളിൽ പുതിയതായി സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇടങ്ങളിൽ 2015-16 വർഷത്തെ ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; | (എ) ഉം (ബി) ഉം | 2015-16 അധ്യയന വർഷം ആരംഭിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) ഇല്ലെങ്കിൽ എന്താണ് ഇക്കാര്യത്തിലെ തടസ്സമെന്നും അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് 2018-19 അധ്യയന വർഷത്തിന്റെ തുടക്കത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | | |
| (സി) 2015-16 അക്കാദമിക വർഷത്തിൽ അനുവദിക്കപ്പെട്ട എത്ര സർക്കാർ എയിഡഡ് സ്കൂളുകൾ ഉണ്ട്; അവയുടെ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട എല്ലാ ആർ.ഡി.ഡി.കളിൽ നിന്നും പ്രൊപോസലുകൾ എത്തിയിട്ടുണ്ടോ;. ഇല്ലെങ്കിൽ ഇനിയും ഏതെല്ലാം ആർ.ഡി.ഡി.കളിൽ നിന്നാണ് പ്രൊപോസലുകൾ ലഭിക്കാനുള്ളത്; വിശദാംശം നൽകുമോ ? | (സി) | 2015-16 വർഷം സർക്കാർ/എയ്ഡഡ് മേഖലകളിലായി 21 സ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**